# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 599 **30.06.2016 - ൽ മറുപടിക്ക്**

### കുറ്റ്യാടി നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുള്ള | മറുപടി<br>ശ്രീ. മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) കുറ്റ്യാടി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികൾ ഏതൊക്കെ; | (എ) 1. SPAN -കുറ്റ്യാടി ശുദ്ധജലവിതരണ പദ്ധതി (കുറ്റ്യാടി പഞ്ചായത്ത്)<br>2.എം.പി.എൽ.എ.ഡി.എസ്. കുയ്യാനകുന്നത്ത് കുടിവെള്ള പദ്ധതി (തിരുവള്ളൂർ പഞ്ചായത്ത്)<br>കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ജലനിധി രണ്ടാംഘട്ടത്തിൽ ബാച്ച് 2-ൽ മണിയൂർ ഗ്രാമ പഞ്ചായത്തിലും ബാച്ച് 3-ൽ ആയഞ്ചേരി, പുറമേരി, വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. |
| (ബി) പഞ്ചായത്തിന്റെയും കുടിവെള്ള പദ്ധതിയുടെയും പേരും അനുവദിച്ച തുകയും പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന കാര്യവും വ്യക്തമാക്കുമോ; | (ബി) 1. SPAN - കുറ്റ്യാടി ശുദ്ധജലവിതരണ പദ്ധതി<br>അനുവദിച്ച തുക - 683.99 ലക്ഷം രൂപ<br>നിലവിലത്തെ സ്ഥിതി - പദ്ധതിയുടെ ടാങ്ക്, പൈപ്പ് ലൈനുകൾ, ശുദ്ധീകരണശാല, പമ്പ് സെറ്റ് മുതലായ പ്രവൃത്തികൾ പൂർത്തീകരിച്ചു. പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല.<br><br>2. എം.പി.എൽ.എ.ഡി.എസ്. കുയ്യാനകുന്നത്ത് കുടിവെള്ള പദ്ധതി (തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്)<br>അനുവദിച്ച തുക - 34.30 ലക്ഷം രൂപ<br>നിലവിലത്തെ സ്ഥിതി - പ്രവൃത്തി നടന്നു വരുന്നു.<br>മണിയൂർ ഗ്രാമപഞ്ചായത്തിൽ ഒരു ബ്ലോക്ക് |

പദ്ധതിയും 19 ചെറുകിട കുടിവെള്ള പദ്ധതികളുമാണ് നടപ്പാക്കുന്നത്. ചെറുകിട പദ്ധതികളെല്ലാം പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. ബൃഹദ് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ബൃഹദ് പദ്ധതിക്ക് സാങ്കേതികാനുമതി നല്കിയ തുക | 12.16 കോടി രൂപ |
| ചെറുകിട പദ്ധതികൾക്ക് സാങ്കേതികാനുമതി നല്കിയ തുക | 3.532 കോടി രൂപ |

ആയഞ്ചേരി, പുറമേരി, വില്ല്യാപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ പ്രാരംഭഘട്ടത്തിലാണ്. ആയഞ്ചേരി ഗ്രാമ പഞ്ചായത്തിൽ 36 ചെറുകിട കുടിവെള്ള പദ്ധതികളും, പുറമേരി ഗ്രാമപഞ്ചായത്തിൽ 33 ചെറുകിട കുടിവെള്ള പദ്ധതികളും, വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ 39 കുടിവെള്ള പദ്ധതികളുമാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. പഞ്ചായത്തിൽ നിന്നും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നല്കി കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ ആരംഭിക്കുകയാണ് ചെയ്യുന്നത്.

(സി) മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഭരണാനുമതി ലഭിച്ചതും എന്നാൽ പ്രവൃത്തി ഇതിനകം ആരംഭിക്കാത്തതുമായ കുടിവെള്ള

(സി) എൻ.ആർ.ഡി.ഡബ്ല്യു.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 2015 എസ്.എൽ.എസ്.എസ്.സി. (സ്റ്റേറ്റ് ലെവൽ സ്കീം സാംങ്ഷനിംഗ് കമ്മിറ്റി) യിൽ കുന്നുമ്മേൽ കുടിവെള്ള വിതരണ പദ്ധതിക്ക് 700

| | | | |
|---|---|---|---|
| | പദ്ധതികളുടെ വിശദാംശ ങ്ങൾ നൽകുമോ; | | ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. |
| (ഡി) | മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ ഏതെങ്കിലും പുതിയ പദ്ധതികൾ ജലവിഭവ വകുപ്പിന്റെ പരിഗണന യിലുണ്ടോ; എങ്കിൽ വിശദാം ശങ്ങൾ നൽകുമോ? | (ഡി) | കുറ്റ്യാടി മണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിലേക്കായി എൽ.എ.സി.-എ.ഡി.എഫ്. - കുയ്യടിപ്പാറ കുടിവെള്ള പദ്ധതിക്ക് (ആയഞ്ചേരി ഗ്രാമപഞ്ചായത്ത്) വേണ്ടി 40 ലക്ഷം രൂപയുടെ പദ്ധതി പരിഗണനയിലുണ്ടായിരുന്നു. ഫണ്ടിന്റെ അപര്യാപ്തത മൂലം ഇതിനുള്ള ഭരണാനുമതി ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ